**യാവത് പൃഥക്ത്വമിദമാത്മന ഇന്ദ്രിയാർത്ഥ
മായാബലം ഭഗവതോ ജന ഈശ പശ്യേത്
താവന്ന സംസൃതിരസൌ പ്രതിസംക്രമേത
വ്യർത്ഥാപി ദു:ഖനിവഹം വഹതീ ക്രിയാർത്ഥാ (3–9–9)
ത്വം ഭാവയോഗപരിഭാവിതഹൃത്സരോജ
ആസ്സേ ശ്രുതേക്ഷിതപഥോ നനു നാഥ പുംസാം
യദ്യദ്ധിയാ ത ഉരുഗായ വിഭാവയന്തി
തത്തദ്വപു: പ്രണയസേ സദനുഗ്രഹായ (3–9–11)**

ബ്രഹ്മാവ് പ്രാർത്ഥിച്ചു:
ഭഗവൻ, ഏറെക്കാലം തപസ്സനുഷ്ഠിച്ച് ഏതു ജ്വലിപ്പിച്ചാൽ ആ സത്യം വെളിച്ചപ്പെടുമോ അതിനെയുണർത്തിയാണ് അവിടുന്നു മാത്രമേ ഉണ്മയായുള്ളൂവെന്നു ഞാനറിഞ്ഞത്. അവിടുന്ന് മായാമേഘപടലങ്ങളാലോ ഇഛാമോഹങ്ങളാലോ ആവൃതനല്ലതന്നെ. അവിടുത്തെ മായയുടെ ഘടകങ്ങളായ മൂന്നു ശക്തികളുടെ സംതുലിതാവസ്ഥക്ക് ഇളക്കം തട്ടുമ്പോൾ അവിടുന്നു സ്വയം പലതായി കാണപ്പെടുന്നു. ആ ദിവ്യരൂപം എനിക്കിപ്പോൾ പ്രത്യക്ഷമായിരിക്കുന്നു. അതുപോലെ അനേകം രൂപങ്ങളായി അനിത്യങ്ങളായ ലോകങ്ങളിലേക്കിറങ്ങിവന്ന് ഭക്തർക്കും ആശ്രിതർക്കും പ്രാപ്യനായി സ്വയം നിലകൊള്ളുന്നു. അവിടുത്തെ പാദാരവിന്ദങ്ങളെ ആശ്രയിക്കുന്നവർക്ക് ഭയമോ മായാമോഹമോ ഉണ്ടാവുന്നതല്ല. സമ്പത്തിനാലും സുഹൃത്തുക്കളാലും ഗൃഹത്താലും ഒരുവന് ഭയം, ദു:ഖം, സംഗം, അത്യാഗ്രഹം എന്നിവ ഉണ്ടാവുകയും അവകളിൽ വ്യർത്ഥാഭിമാനം ഉണ്ടാവുകയും ചെയ്യുന്നു. ഭഗവൽപ്പാദത്തിലഭയം ലഭിക്കുംവരെ ഇതു കൊടുംദു:ഖത്തിന് കാരണമാവുന്നു. തുടർച്ചയായി ഭഗവൽക്കാര്യങ്ങളിലേർപ്പെട്ട് പൂജ, കീർത്തനം, ഭഗവൽമഹിമാകഥനം ഇവയിൽ മുഴുകി ആ പാദാരവിന്ദങ്ങളിൽ പ്രേമത്തോടെ ജീവിക്കുന്നവർക്ക് അവിടുത്തോടൊന്നുചേരാൻ കഴിയുന്നു. ഇന്ദ്രിയങ്ങളുടെ മായാശക്തിയാലും ശ്രദ്ധയെ വികേന്ദ്രീകരിക്കാനുള്ള കഴിവിനാലും അവിടുത്തോട് വിഭിന്നനായി തോന്നുന്നിടത്തോളം കാലം അന്തമില്ലാത്ത ജനനമരണ ചക്രത്തിൻെറ പിടിയിൽനിന്നും ഒരുവനു മോചനമില്ല. ഇതുൺമയല്ലെങ്കിലും ദു:ഖഹേതുവത്രെ.

അവിടുത്തെ മഹിമ അപാരം തന്നെ. ആ സവിധത്തിലേക്ക് എത്തിച്ചേരാനുള്ള വഴി കാട്ടിത്തരുന്നതും അവിടുന്നു തന്നെ. അവിടുത്തെ കഥകൾ കേൾക്കുകയാണ് ആ വഴിയിലെത്തിച്ചേരാനുള്ള മാർഗ്ഗം. ഭക്തിയാൽ പരിശുദ്ധമാക്കപ്പെട്ട ഹൃദയങ്ങളിലാണല്ലോ അവിടുന്നു നിവസിക്കുന്നത്. ഭക്തഹൃദയങ്ങളിലും ബോധമണ്ഡലത്തിലും അങ്ങയെ സ്മരിക്കുന്ന അതേ രൂപഭാവങ്ങളിൽ ദർശനം നൽകി അങ്ങവരെ അനുഗ്രഹിക്കുന്നു. ഭഗവൻ, അവിടുന്ന് ക്ഷിപ്രപ്രസാദിയത്രെ. ആഢംബരപ്രദമായ പൂജാദി കർമ്മങ്ങൾ ചെയ്യുന്നയാളുകളോടുള്ളതിനേക്കാൾ സഹജീവികളോട് കരുണ കാണിക്കുന്നവരോടാണവിടുത്തേക്ക് പ്രിയം. അവിടുന്നുസ്വയം പലേ രൂപഭാവങ്ങളോടെ ഇവിടെ നിലകൊള്ളുന്നതായിക്കാണുന്നു. ചരാചര-ജീവനിർജീവജാലങ്ങളുടെ അസ്ഥിത്വത്തിനടിസ്ഥാനം അങ്ങാണല്ലോ. ലോകത്തിൻെറ സൃഷ്ടികർത്താവെന്ന നിലയിൽ എന്നിൽ അഹംഭാവമുദിക്കാതിരിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു.

ഭഗവാൻ പറഞ്ഞു: "എൻെറ മഹിമയാൽത്തന്നെയാണ് നിങ്ങൾ തപസ്സനുഷ്ഠിച്ച് സൃഷ്ടിശക്തിയുണർത്തിയത്. ബ്രഹ്മാവേ, നിങ്ങൾ ധ്യാനനിരതനായി എന്നെത്തിരഞ്ഞപ്പോൾ ഹൃദയത്തിൽ പ്രത്യക്ഷനായതും ഞാനാണെന്നറിഞ്ഞാലും. എല്ലാറ്റിലുമെന്നെ ദർശിക്കുന്നവന് മായാമോഹബന്ധത്തിൽ കഷ്ടപ്പെടേണ്ടിവരികയില്ല. ആത്മാവ് ഇന്ദ്രിയങ്ങളോടോ പഞ്ചഭൂതങ്ങളോടോ ബന്ധിക്കപ്പെട്ടിരിക്കുന്നില്ല എന്നറിയുകയും അതുമാത്രമാണുൺമ എന്നു സാക്ഷാത്ക്കരിക്കുകയും ചെയ്യുന്നവൻ മുക്തനത്രെ. എല്ലാവിധത്തിലുള്ള പൊതുജനസേവയും ആത്മീയകാര്യങ്ങളും എന്നെ ലക്ഷ്യമാക്കിയാണെന്ന് അവൻ മനസ്സിലാക്കുന്നു. ഇപ്പോഴുള്ള ഈ മന:ശ്ചാഞ്ചല്യം മാറ്റി എൻെറ ഇഛപ്രകാരമുള്ള സൃഷ്ടികർമ്മം തുടങ്ങിയാലും."